സി4/11235/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 03.05.2017

## സർക്കുലർ 1 /17

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - എസ്റ്റാ - അനദ്ധ്യാപക ജീവനക്കാർ നിയമനം - രേഖകൾ പരിശോധിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 19-04-2017-ൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്.

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ൽ പി.എസ്.സി / സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്ന അനദ്ധ്യാപക ജീവനക്കാരെ സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പ് താഴെപ്പറയുന്ന രേഖകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

1. ജനന തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ.
2. അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകിയ നിശ്ചിത മാതൃകയിലുള്ള അസൽ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതും, ഫോട്ടോ പതിപ്പിക്കേണ്ടതുമാണ്.
3. ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നും വാങ്ങിയ മൂന്നു വർഷത്തിൽ കുറയാത്ത സ്വഭാവ സർട്ടിഫിക്കറ്റ്.
4. ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിലെ ഫോട്ടോ, ഒപ്പ് എന്നിവ ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സ്ഥാപന മേധാവി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.
5. സംവരണാടിസ്ഥാനത്തിൽ നിയമനം ലഭിച്ചവരുടെ നോൺ ക്രിമിലെയർ/ ജാതി, മതം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതാണ്.
6. നിയമന ഉത്തരവിൽ വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിക്കേണ്ടതാണ്. കൂടാതെ നിയമന ഉത്തരവ് ഏതെങ്കിലും പ്രത്യേക പരാമർശം/നിർദ്ദേശം ഇവ ഉണ്ടെങ്കിൽ അവയും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്/-
എം.എസ്.ജയ.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

GOVERNMENT OF KERALA